# ചരമവൃത്താന്തം

(മൂവാറ്റുപുഴ 2-5-1913) നി. വ. ദി. ശ്രീ മോറാൻ മാർ ബസേലിയോസ് കാതോലിക്കാ ബാവ അവർകൾ ഇന്നു കാലത്തു 8 മണിക്ക് കാലം ചെയ്തിരിക്കുന്ന വിവരം വ്യസനപൂർവ്വം അറിയിച്ചുകൊള്ളുന്നു. ശവസംസ്കാരം നാളെ ഉച്ചക്കുശേഷം നടത്തപ്പെടുന്നതാണെന്നറിയുന്നു. (മനോരമ)

## കാതോലിക്കാ ബാവ അവർകളുടെ ശവസംസ്ക്കാരം

(പാമ്പാക്കുട 88 മേടം 21)

ബാവ അവർകളുടെ മരണത്തെപ്പറ്റി ഇവിടെ നിന്നയച്ചിരുന്ന കമ്പി കിട്ടിക്കാണുമല്ലോ. ഇന്നലെ കാലത്ത് 8 മണിക്ക് ആണ് മരണം സംഭവിച്ചത്. ഉടനെ പള്ളിയിൽ ദുഃഖചിഹ്നമായ മണിയടിക്കുകയും കതിനാവെടികൾ ധ്വനിപ്പിച്ച് തുടങ്ങുകയും ചെയ്തു. വേണ്ടപ്പെട്ട ദിക്കുകളിലെല്ലാം കമ്പികളും കത്തുകളും അയച്ചിരുന്നതനുസരിച്ച് നാനാദിക്കുകളിൽ നിന്നും ആളുകൾ വരവു തുടങ്ങി. ബാവ അവർകളെ സ്ഥാനവസ്ത്രങ്ങളും ചിഹ്നങ്ങളും ധരിപ്പിച്ച് കമനീയമായ ഒരു കസേരയിൽ പള്ളിയുടെ മദ്ബഹായിൽ പടിഞ്ഞാറ് ദർശനമായി ഇരുത്തി. ചുറ്റിലും അനേകം മെഴുകുതിരികൾ കത്തിച്ചു വച്ചു. ക്ഷണം പ്രമാണിച്ചും അല്ലാതെയും വന്നുകൂടിയ അനേകം ജനങ്ങളുടെയും പട്ടക്കാരുടെയും സഹായത്തോടും സഹകരണത്തോടും കൂടി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ മരണാനന്തര ശുശ്രൂഷ ആരംഭിച്ചു. അടുത്തുള്ള പല പള്ളികളിൽ നിന്നും വെള്ളിക്കുരിശ്, കുട, കൊടി മുതലായ പള്ളി സാമാനങ്ങൾ വന്നു ചേർന്നിരുന്നു. ശുശ്രൂഷയുടെ ഒരു പ്രധാനഭാഗം ഇന്നലെ (വെള്ളി) കൊണ്ടവസാനിച്ചു.

ശനിയാഴ്ച (ഇന്ന്) രാവിലെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ അനേക സഹകരണത്തോടുകൂടി കുർബ്ബാന എന്ന വിശുദ്ധ കർമ്മം അനുഷ്ഠിച്ചു. അനന്തരം വീണ്ടും മരണാനന്തര ശുശ്രൂഷ ആരംഭിച്ചു അതു കഴിഞ്ഞ് 'നഗരി കാണിക്കൽ' എന്ന കർമ്മവും പ്രദക്ഷിണവും കഴിഞ്ഞ് മൃതശരീരം പള്ളിയുടെ വടക്കുവശത്തെ മുറ്റത്ത് അലംകൃതമായ മുൻപറഞ്ഞ കസേരയിൽ ഇരുത്തി 'കൈമുത്ത്' ആരംഭിച്ചു. ഇത് ഏകദേശം 2-3 മണിക്കൂറു കൊണ്ടാണവസാനിച്ചത്. ഇതിനിടയിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളുടേയും തേനിങ്കലച്ചൻ അവർകളുടെയും സാരതരമായ ഓരോ പ്രസംഗങ്ങളുണ്ടായി. ഈ പ്രസംഗങ്ങളിൽ നമ്മുടെ സഭയിൽ അടുത്ത കാലത്തുണ്ടായ കുഴപ്പങ്ങളേയും തന്മൂലമുണ്ടാകുന്ന കലാപങ്ങളേയും കുറിച്ചും അബ്ദുള്ള പാത്രിയർക്കീസ് ബാവ അവർകളുടെ കാനോനികമല്ലാത്ത മുടക്കുകളേയും അവയുടെ അസാധുത്വത്തേയും കുറിച്ചും മലങ്കര സുറിയാനി സഭ അനേക നാളായി അഗ്രഹിച്ചിരുന്ന ഒരു മഹൽകാര്യം-കാതോലിക്കസ്ഥാനദാനം അബ്ദേദ്മിശിഹാ പാത്രിയർക്കീസ് ബാവ അവർകൾ മലങ്കരസഭയ്ക്ക് പ്രദാനം ചെയ്തതിനെപ്പറ്റിയും ഈ ഉന്നത സ്ഥാനത്തിങ്കൽ കാലം ചെയ്ത ഈ വന്ദ്യപുരോഹിതൻ ഉയർത്തപ്പെട്ടതിനെക്കുറിച്ചും അദ്ദേഹത്തിന്റെ ഗുണഗണങ്ങളെക്കുറിച്ചും സവിശേഷം പ്രസ്താവിച്ചിരുന്നു. മഴയുണ്ടായേക്കുമെന്ന് ഭയന്ന് ശുശ്രൂഷകൾ എല്ലാം നേരത്തെതന്നെ കഴിച്ചു വച്ചു. മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെയും പരിവാരങ്ങളുടെയും വരവിനെ പ്രതീക്ഷിച്ച് ജനങ്ങൾ അക്ഷമരായി കാത്തിരിക്കുകയായിരുന്നു. അപ്പേഴേക്ക് മെത്രാപ്പോലീത്താ അവർകൾ വന്നുതുടങ്ങി. 'മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്താ അവർകൾ എന്ന് കേട്ടിട്ടുള്ളതല്ലാതെ മലങ്കര സഭയുടെ സ്വാതന്ത്ര്യസ്ഥാപകരിൽ പ്രഥമഗണനീയനായ അദ്ദേഹത്തെ കണ്ടിട്ടില്ലാത്ത ആളുകളുടെ ഇടയിൽ ഉണ്ടായ സന്തോഷവും ബഹളവും എന്തുമാത്രമാണെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. ഉടനടി കുട, കൊടി, കുരിശ് മുതലായ പള്ളിസാമാനങ്ങൾ സഹിതം ആളുകൾ അങ്ങോട്ടേക്ക് എത്തിക്കഴിഞ്ഞു. അവിടെ നിന്ന് ഒരാഘോഷമായിട്ടായിരുന്നു മെത്രാപ്പോലീത്ത അവർകളുടെ വരവ്. മെത്രാപ്പോലീത്ത അവർകൾ ബാവ അവർകളെ കണ്ട മാത്രയിൽ അദ്ദേഹത്തിന്റെ കണ്ണുകൾ അശ്രുകണങ്ങളാൽ പരിപൂർണ്ണങ്ങളായി തീർന്നു. ഉടനെ അദ്ദേഹം ഒരു ശുശ്രൂഷ നടത്തുകയും ബാവാ അവർകളുടെ കൈമുത്തുകയും തന്റെ താമസത്തിനുണ്ടായ കാരണത്തെപ്പറ്റി പ്രസ്താവിക്കുകയും ചെയ്തു. അനന്തരം കബറടക്കത്തിനുള്ള വട്ടമായി. പള്ളിയുടെ വടക്കേ വരാന്തയിൽ തയ്യാറാക്കപ്പെട്ട അലംകൃതമായ കബറിൽ ബാവാ അവർകളുടെ മൃതശരീരത്തെ ഇരുത്തി കുന്തിരിക്കംകൊണ്ട് മൂടി കബറടക്കപ്പെടുകയും ചെയ്തു. നാളെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അനുഷ്ഠിക്കുന്നതും അപ്പോൾ മലങ്കരയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത അവർകൾ ഒരു പ്രസംഗം ചെയ്യുന്നതുമാണ്. ബാവാ അവർകളുടെ ആത്മാനാനുകൂലാർത്ഥം ഈ ഇടവകക്കാർ മൂന്നു ദിവസത്തെ പ്രത്യേക ഉപ

വാസം അചരിച്ചു തുടങ്ങിയിരിക്കുന്നു. Christian Congress, മലങ്കര സുറിയാനി മഹാജന സാമൂഹ്യ സമ്മേളനം മുതലായവയിൽ ആളുകൾ ബദ്ധശ്രദ്ധരായിരുന്നിട്ടും ഇത്രത്തോളം ആളുകൾ വന്നു കൂടിയതിൽ ബാവ അവർകളെപ്പറ്റി ജനങ്ങൾക്കുള്ള ഭക്തി വെളിപ്പെടുന്നതാണ്.

**(മുറിമറ്റത്തിൽ ബാവാ എന്ന ഗ്രന്ഥത്തിൽ നിന്നും)**

# മനോരമയുടെ മുഖപ്രസംഗം

# (ചരമ വൃത്താന്തം)

സുറിയാനി ക്രിസ്ത്യാനികളുടെ പുരോഹിതശ്രേഷ്ഠനായ അന്ത്യോഖ്യയിലെ പാത്രിയർക്കീസ് ബാവ അവർകൾക്കുള്ള സർവ്വ അധികാരങ്ങളും പദവിയുമുള്ള ഒരു കാതോലിക്കാബാവ അവർകളെ ലഭിപ്പാൻ ഭാഗ്യമുണ്ടായിട്ടുള്ള മലങ്കര സഭയെ ഞങ്ങൾ അനുമോദിച്ചു കഴിഞ്ഞിട്ട് ഇപ്പോൾ 8 മാസം തന്നെ പൂർത്തിയായിട്ടില്ല. ഇത്ര ക്ഷണത്തിൽ ആ ഭാഗ്യം നഷ്ടപ്പെട്ടു പോയതിനെപ്പറ്റി അനുശോചിപ്പാൻ ഇടവരുന്നതിനെപ്പറ്റി ഞങ്ങൾ കരുതിയിരുന്നില്ലാത്തതും അങ്ങനെ ഒരു സന്ദർഭം അടുത്തകാലത്ത് സംഭവിപ്പാൻ ഇടവരുന്നതായിരുന്നാൽ തന്നെയും, അതിന് ഇനിയും കുറെ കാലതാമസം വേണ്ടിവരുമെന്ന് ഞങ്ങൾ ആഗ്രഹിച്ചു കൊണ്ടിരുന്നതുമായിരുന്നു എങ്കിലും മനുഷ്യാധീനത്തെ കവിഞ്ഞിരിക്കുന്ന ഈശ്വരേച്ഛയെ നാമെല്ലാവരും അനുസരിക്കുകയല്ലേ നിവൃത്തിയുള്ളൂ.

നിതാ. വ. ദി. മ. ശ്രീ. മോറാൻ മാർ ബസേലിയോസ് പൗരസ്ത്യ കാതോലിക്കാ ബാവ അവർകൾ ഇന്നലെ കാലത്തെ 8 മണിക്ക് പാമ്പാക്കുട ചെറിയപള്ളിയിൽ വച്ച് ഐഹിക ജീവിതം ഉപേക്ഷിച്ച് പരലോകപ്രാപ്തനായ വിവരം ഇതിനുമുമ്പായി തന്നെ ഞങ്ങളുടെ വായനക്കാർ അറിഞ്ഞിരിക്കുമെന്ന് വിശ്വസിക്കുന്നു. ഇത്ര പെട്ടെന്ന് സംഭവിച്ച ഈ ചരമത്തെപ്പറ്റി ഞങ്ങളുടെ മൂവാറ്റുപുഴ ലേഖകൻ ഞങ്ങൾക്കയച്ച കമ്പി വായിച്ചപ്പോൾ മലങ്കര സുറിയാനി സമുദായത്തിൽ അഭൂതപൂർവ്വമായിട്ടുണ്ടായ കാതോലിക്കാസ്ഥാനാഭിഷേകത്തിന്റെ മഹിമയെപ്പറ്റി പൂജനീയവും, പുണ്യസമ്പൂർണ്ണവുമായ ആ പവിത്ര പദവിയുടെ മാഹാത്മ്യത്തെപ്പറ്റിയും ഒരു കാതോലിക്കാബാവായുടെ ചരമം മലങ്കര സഭയിൽ ഇതിനു മുമ്പ് ഉണ്ടായിട്ടില്ലാത്തതാകകൊണ്ട് ഇദംപ്രഥമമായിട്ടുണ്ടായ ഈ സംഭവം ദൈവീക സ്മരണയുള്ള നിഷ്ക്കളങ്ക ഹൃദയന്മാരായ സമുദായാംഗങ്ങളെ ഏതു നിലയിൽ ഇത്രമാത്രം ക്ലേശിപ്പിപ്പാൻ ഇടയായേക്കുമെന്നുള്ളതിനെപ്പറ്റിയും ഞങ്ങൾക്കുണ്ടായ വിചാരങ്ങളും വികാരങ്ങളും ഇന്നപ്രകാരമാണെന്ന് വാക്കുകൊണ്ട് പറഞ്ഞറിയിക്ക പ്രയാസം തന്നെയാണ്.

മലങ്കര സഭയിൽ ഇദംപ്രഥമമായി കാതോലിക്കാസ്ഥാനം വഹിക്കുകയെന്നുള്ള അസാധാരണ ഭാഗ്യം സിദ്ധിച്ച ഈ സുകൃതി; മൂവാറ്റുപുഴ താലൂക്കിൽ കോലഞ്ചേരി സുറിയാനിപ്പള്ളി ഇടവകയിൽ ഉൾപ്പെട്ട മുറിമറ്റത്തു കുടുംബത്തിലാണ് ജനിച്ചത്. ആ കുടുംബത്തിൽ ഇദ്ദേഹത്തിന്റെ പൂർവ്വികന്മാരായി പല വൈദികരും ഉണ്ടായിട്ടുണ്ട്. അവരിൽ പലരും കാലസ്ഥിതിക്കനുകൂലമായ പഠിപ്പും കീർത്തിയും സമ്പാദിച്ചവരുമായിരുന്നു. 'പൗലോസ്' എന്ന ജ്ഞാനസ്നാനപ്പേർ ധരിച്ചിരുന്ന ഇദ്ദേഹം സാധാരണ മലയാള വിദ്യാഭ്യാസം കഴിഞ്ഞശേഷം കുറച്ച് കാലം പാമ്പാക്കുട സെമിനാരിയിൽ ചേർന്ന് സുറിയാനി പഠിച്ചു കൊണ്ടിരുന്നു. ആ സമയം പരേതനായ മാർ കൂറിലോസ് ബാവ അവർകളോടുകൂടി താമസിച്ചും പഠിച്ചും സുറിയാനി ഭാഷയിലും വൈദികശാസ്ത്രത്തിലുംവേണ്ട ജ്ഞാനം സമ്പാദിക്കുകയും ആദ്യത്തിൽ ശെമ്മാശപട്ടവും അധികം താമസിയാതെ കത്തനാരു പട്ടവും കയ്യേറ്റ ഇദ്ദേഹത്തെ കോലഞ്ചേരി പള്ളിയുടെ ഭരണം ചുമതലപ്പെടുത്തി ഏല്പിക്കുകയും ചെയ്തു. അതുപ്രകാരം ആ പള്ളി ഭരണം വളരെ സ്തുത്യർഹമായ നിലയിൽ നടത്തുകയും ചെയ്തിരുന്നു എങ്കിലും അതിനിടയിൽ പല പ്രാവശ്യം മാർ കൂറിലോസ് അവർകളുടെ സെക്രട്ടറി സ്ഥാനം വഹിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം 1050-53 ആണ്ടിടക്ക് മലങ്കര സന്ദർശിച്ച അന്ത്യേഖ്യായുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ അവർകൾ ഇദ്ദേഹത്തെ കണ്ടനാട് ഭദ്രാസന ഇടവക മെത്രാപ്പോലീത്തയായി മാർ ഈവാനിയോസ് എന്ന പേരിൽ 1052 ഇടവം 15-ാം തീയതി വാഴിക്കുകയും ചെയ്തു. ഈ സ്ഥാനം നല്ല ഊർജ്ജിതത്തോടും ശക്തിയോടും കൂടെ നടത്തിവരുമ്പോളായിരുന്നു മാർ അബ്ദുള്ള ജൂണിയർ പാത്രിയർക്കീസ് ബാവ അവർകൾ മലങ്കര സന്ദർശിക്കാനിടയായത്. സുറിയാനി സഭയിൽ ഇപ്പോഴുണ്ടായിട്ടുള്ള കുഴപ്പങ്ങൾക്ക് ഹേതുഭൂതമായ ലൗകീകാധികാരത്തർക്കം അബ്ദുള്ള പാത്രിയർക്കീസ് അവർകൾ പുറപ്പെടുവിച്ചപ്പോൾ സഭയുടെ സ്വാതന്ത്ര്യം വിട്ടുകൊടുക്കാൻ പാടില്ലെന്നുള്ള തർക്കത്തിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളേയും സമുദായത്തേയും ഇദ്ദേഹം ബലമായി പിന്താങ്ങിയ വിവ

രം, മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ പേരിൽ മാർ അബ്ദുള്ള പാത്രിയർക്കീസ് ബാവ അവർകൾ ഒരു വിധത്തിലും നീതികരിക്കാൻ പാടില്ലാത്ത നിലയിൽ അനാശാസ്യമായ 'മുടക്കായുധം' പ്രയോഗിച്ചപ്പോൾ അതിന്റെ അസാധുത്വത്തെയും അനൗചിത്യത്തേയും വിവരിച്ചുകൊണ്ട് ഇദ്ദേഹം പരസ്യമായൊരു കല്പന പുറപ്പെടുവിച്ച സംഗതിയും അതാതു സമയം ഈ പംക്തികളിൽ പ്രസിദ്ധം ചെയ്തിരുന്നത് വായനക്കാരുടെ ഓർമ്മയിൽ നിന്നു വിട്ടുപോയിരിക്കാനിടയില്ലല്ലോ. ഏതുവിധവും സഭയിൽ സമാധാനമുണ്ടാക്കണമെന്നുള്ള ഏക ഉദ്ദേശ്യത്തോടും ആഗ്രഹത്തോടും കൂടെ നിഷ്ക്കന്മഷ ഹൃദയനായ ഇദ്ദേഹം വളരെ ശ്ലാഘനീയമായ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതും പ്രസിദ്ധമാണല്ലോ. മോറാൻ മാർ അബ്ദേദ് മിശിഹാ സീനിയർ പാത്രിയർക്കീസ് ബാവ അവർകൾ 'പൗരസ്ത്യ കാതോലിക്കാ' സ്ഥാനം ആവർത്തിച്ചും മലങ്കര സഭയ്ക്ക് ഒരു മാന്യ പദവിയും സ്വാതന്ത്ര്യവും കൊടുക്കാമെന്ന് തീർച്ചപ്പെടുത്തിയപ്പോഴും നാട്ടുകാരിൽ ഇതുവരെയും ആർക്കും ലഭിച്ചിട്ടില്ലാത്ത ഈ ഉന്നത സ്ഥാനത്തിലേക്ക് ആരോഹണം ചെയ്യുന്നതിന് ഈ മഹാൻ തിരഞ്ഞെടുക്കപ്പെട്ടപ്പോഴും സമുദായത്തിനുണ്ടായിട്ടുള്ള സംതൃപ്തിയും സന്തുഷ്ടിയും സീമാതീതമായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മലങ്കര സുറിയാനി സമുദായാംഗങ്ങളുടെ സവിശേഷ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരുന്നതും പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തിന് 'മാർ ബസ്സേലിയോസ്' എന്ന പേരോടെ ഈ മഹാൻ അരോഹണം ചെയ്തിട്ടുള്ളത് ഈ കഴിഞ്ഞ 1088 ചിങ്ങം 31-ാം തീയതി ആ കർമ്മം നടത്തപ്പെട്ടത് മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതവും ചരിത്രപ്രസിദ്ധവുമായ നിരണത്തു പള്ളിയിൽ വച്ചാണന്നുള്ളതും കേവലം ഇന്നലെ കഴിഞ്ഞ ഒരു സംഭവം പോലെ ഇരിക്കുന്നതേയുള്ളു. ഈ പുതിയ സ്ഥാനത്തിൽ പ്രവേശിച്ചശേഷം അധികമൊന്നും പ്രവർത്തിക്കാൻ ബാവ അവർകൾക്ക് സമയം കിട്ടിയില്ലെങ്കിലും മലങ്കര സഭയുടെ സ്വാതന്ത്ര്യ സ്ഥാപകൻമാരിൽ പ്രഥമഗണനീയന്മാരിൽ ഒരാളെന്ന നിലയിലും സഭയിലെ ഒന്നാമത്തെ കാതോലിക്കാ എന്ന നിലയിലും ഇദ്ദേഹത്തിനുണ്ടായ മഹനീയമായ കീർത്തി ശാശ്വതമായി നിലനിൽക്കുമെന്ന് ഉള്ളതിന് സംശയമില്ല. ഇദ്ദേഹത്തിന്റെ നിഷ്കളങ്കമായ ഈശ്വരഭക്തി മതാചാരങ്ങളിലുള്ള നിഷ്ഠ, അനഹങ്കാരം, ധൈര്യം, സമുദായസ്നേഹം സർവ്വോപരി മനസ്സാക്ഷിക്കനുസരിച്ച് പറയുകയും പ്രവർത്തിക്കുകയും ചെയ്തു എന്നിത്യാദി വിശിഷ്ട ഗുണങ്ങളെപ്പറ്റി പറയേണ്ട അവശ്യമില്ല. ബാവ അവർകൾ കുറെ ദിവസമായി രോഗപീഡിതനായി സ്ഥലത്തെ സുറിയാനി സെമിനാരിയിൽ താമസിച്ചിരുന്നതും അവിടെവച്ച് മലങ്കരയുടെ പല മെത്രാന്മാരും അനവധി പട്ടക്കാരും ചേർന്ന് 'കന്തീല' എന്ന അന്ത്യഭിക്ഷേകവും നടത്തപ്പെട്ടതും അതിനുശേഷം തന്റെ ഇഷ്ടപ്രകാരം ബാവ അവർകൾ പാമ്പാക്കുട ചെറിയ പള്ളിയിൽ പോയതും അതതു സമയം ഈ പംക്തിയിൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. 78 വയസ്സ് പ്രായമായ ഇദ്ദേഹം ഇതാ ഇപ്പോൾ തന്റെ സമുദായാംഗങ്ങളെ അനുഗ്രഹിച്ചുകൊണ്ടും സമുദായത്തിനഭിവൃദ്ധിയെ ആശംസിച്ചു കൊണ്ടും ലോക നിയന്താവായ ദൈവത്തിൽ നിദ്ര പ്രാപിക്കുകയും ചെയ്തിരിക്കുന്നു.

**(മുറിമറ്റത്തിൽ ബാവാ എന്ന ഗ്രന്ഥത്തിൽ നിന്നും)**

# ഒന്നാം കാതോലിക്കായുടെ നിര്യാണം

269. മേൽ 251-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന മുറിമറ്റത്തിൽ മാർ ബസേലിയോസ് കാതോലിക്കാ വയസുകാലത്തെ രോഗത്താൽ കോട്ടയത്തു സെമിനാരിയിൽ താമസിക്കുമ്പോൾ ദീവന്നാസ്യോസ് മുതലായ മെത്രാന്മാർ കൂടി കന്തീലായുടെ ക്രമം കഴിച്ചശേഷം കാതോലിക്കായെ പാമ്പാക്കുട ചെറിയപള്ളിയിലേക്കു പാലപ്പള്ളി പൗലോസ് കത്തനാർ മുതൽപേർ വന്നു കൊണ്ടുപോകയും അവിടെ വച്ചു നീസോൻ മാസം 19-നു 1088 മേടം 20-നു വെള്ളിയാഴ്ച (മെയ് മാസം 2-നു) കാലം ചെയ്കയും ആ പള്ളിയിൽ തന്നെ അടക്കപ്പെടുകയും ചെയ്തു. പുത്തനായി വാഴിക്കപ്പെട്ട ഈവാനിയോസ് യൂയാക്കീം മെത്രാൻ കബറടക്കത്തിനു ഹാജരുണ്ടായിരുന്നു. ദീവന്നാസ്യോസ് മെത്രാനും പോയിരുന്നു.

273. ബസേലിയോസ് കാതോലിക്കായുടെ നാല്പതാം ദിവസം അടിയന്തിരം പാമ്പാക്കുട ചെറിയപള്ളിയിൽ വച്ച് 1088 ഇടവം 18-നു ശനിയാഴ്ച കഴിച്ചിരിക്കുന്നു.

(ഇടവഴിക്കൽ ഡയറിയിൽ നിന്നും)

## ജീവചരിത്രത്തിൽ നിന്നും:

പാമ്പാക്കുട ചെറിയപള്ളിയിലെ താമസത്തിനിടയിൽ അദ്ദേഹത്തിൻറെ രോഗവസ്ഥ ഗുരുതരമായിക്കൊണ്ടിരുന്നു. പാലപ്പിള്ളിലച്ചൻറെയും ഇടവകക്കാരുടെയും പ്രത്യേക പരിശ്രമത്തിൽ പ്രത്യേക ചികിത്സകൾ ചെയ്തുകൊണ്ടിരുന്നു.

കോലഞ്ചേരിയിൽ നിന്നും മുറിമറ്റത്തിൽ കുടുംബക്കാരും അവരുടെ ചാർച്ചക്കാരും പാമ്പാക്കുട വന്നു തിരുമേനിയുടെ രോഗവിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു. മേടം 2-ാം തീയതി തിങ്കളാഴ്ച ആയപ്പോഴെക്കും ദീനം വളരെ വർദ്ധിച്ചു. അന്നുതന്നെ കരവട്ടെവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിലും പല സ്ഥലങ്ങളിൽ നിന്നും വന്ന നിരവധി വൈദികരുടെ സഹകാർമികത്വത്തിലും കന്തീലാ ശുശ്രൂഷ നടത്തി. മുറിമറ്റത്തിൽ തിരുമേനിയുടെ അനന്തരഗാമികളായ ഓമ്പാളയിൽ ഗീവറുഗീസ് കത്തനാർ, മുറിമറ്റത്തിൽ ചെറിയ ഗീവറുഗീസ് കത്തനാർ, മല്പാൻ തേനുങ്കൽ ഗീവറുഗീസ് കത്തനാർ, പാണ്ടാലിപ്പറമ്പേൽ പത്രോസ് കത്തനാർ തുടങ്ങിയവരും കന്തീലാ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു.

ദിവസങ്ങൾ ഓരോന്നായി പൊയ്ക്കൊണ്ടിരുന്നു. മേടം 16-ാം തീയതിയായി. അടുത്തുണ്ടായിരുന്നവരോട് അന്നത്തെ തീയതി എത്രയെന്നു ചോദിച്ചതായും 16-ാം തീയതിയെന്ന് ഉത്തരം കൊടുത്തപ്പോൾ 'എൻറെ ദൈവമേ ഇനി മൂന്നു ദിവസം കൂടി ഈ കഷ്ടത ഞാൻ സഹിക്കണമല്ലോ. എങ്കിലും നിൻറെ തിരുവിഷ്ടംപോലെ ആയികൊള്ളട്ടെ' എന്നു പറഞ്ഞതായും കേട്ടിട്ടുണ്ട്.

അനന്തരം തിരുമേനി തനിക്കുവേണ്ടിയും തൻറെ ചുമതലയിൽ ഭരമേല്പിക്കപ്പെട്ടിരുന്നു വി. സഭയ്ക്കു വേണ്ടിയും ഇടവകയ്ക്കു വേണ്ടിയും അതിസങ്കടത്തോടെ പ്രാർത്ഥന നടത്തി. അടുത്ത ദിവസം 17-ാം തീയതി തിരുമേനി വി. കുർബ്ബാന അനുഭവിച്ചു. 19-ാം തീയതി ആയതോടെ തിരുമേനിയുടെ ശുശ്രൂഷയ്ക്കും പരിചരണത്തിനായി ഏർപ്പെട്ടിരുന്നവർ മ്ലാനവദനരായി.

ചുറ്റും കൂടിയിരുന്ന ശിഷ്യഗണത്തിനും വൈദികഗണത്തിനും ഉപദേശങ്ങളും ആശിസ്സുകളും തിരുമേനി നൽകുകയുണ്ടായി. അനന്തരം സംസാരഗതിയുടെ ഭാവം കുറേശ്ശെ വ്യത്യാസപ്പെട്ടു മൗനമായി. ആംഗ്യങ്ങളും നോട്ടവുമായി പരിമിതപ്പെട്ടു. ചുണ്ടുകൾ വരണ്ടു തുടങ്ങി. ദീപ്തമായിരുന്ന ആ നയനങ്ങളുടെ ചലനം നിലച്ചു. 1913 മെയ് രണ്ടിന് മലയാള മാസം മേടം പത്തൊമ്പതിന് അർദ്ധരാത്രി കഴിഞ്ഞ സമയം തൻറെ ആത്മാവ് ദേഹത്തിൽ നിന്നും യാത്ര പറഞ്ഞു. മരണം എന്നത് തിരുമേനിക്ക് അശേഷവും ഭയാനകമായിരുന്നില്ല. അതേപ്പറ്റി ചിന്തിച്ച് സങ്കടപ്പെടുകയോ ക്ലേശിക്കുകയോ ചെയ്തില്ല.

മേടം 20-ാം തീയതി വെള്ളിയാഴ്ച മൃതദേഹം സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ചു പാമ്പാക്കുട ചെറിയപള്ളിയുടെ മദ്ബഹായിൽ പടിഞ്ഞാറോട്ട് അഭിമുഖമായി ഇരുത്തി. അതു കണ്ടാൽ തിരുമേനി അപ്പോഴും പ്രസംഗിക്കുവാൻ ഭാവിക്കുകയാണോ എന്നു തോന്നിപ്പോകുമായിരുന്നു. ഉച്ചനമസ്കാരാനന്തരം കബറടക്ക ശുശ്രൂഷയുടെ രണ്ടു ക്രമങ്ങൾ നടത്തിക്കഴിഞ്ഞു. സന്ധ്യാമനസ്ക്കാരാന്തരം ഒരു ശുശ്രൂഷയും നടത്തി. രാത്രി മുഴുവനും സങ്കീർത്തന പാരായണത്താൽ ഏവരും കഴിച്ചുകൂട്ടി. പിറ്റോദിവസം ശനിയാഴ്ച യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ തേനുങ്കൽ ഗീവറുഗീസ് കത്തനാരും ഓമ്പാളയിൽ ഗീവറുഗീസ് കത്തനാരും കൂടി വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന അനുഷ്ഠിച്ചു. വിശുദ്ധ കുർബ്ബാനാന്തരം ശവസംസ്ക്കാരശുശ്രൂഷയുടെ മറ്റൊരു ക്രമവും കൂടി നടത്തി.

അനന്തരം പള്ളിയുടെ കിഴക്കും പടിഞ്ഞാറുമുള്ള കുരിശിങ്കൽ നഗരികാണിക്കലും അന്ത്യയാത്രപറച്ചിലും നടത്തി. മൃതശരീരം പള്ളിമുറ്റത്തു കിഴക്കേഭാഗത്തുണ്ടായിരുന്ന വൃക്ഷത്തണലിൽ പ്രതിഷ്ഠിച്ചിട്ട് കബറടക്ക ശുശ്രൂഷയുടെ ശേഷിച്ച ഭാഗങ്ങളും പൂർത്തിയാക്കി. വന്നുകൂടിയിരുന്ന പട്ടക്കാരും ജനങ്ങളും കൈമുത്തു നടത്തി.

കൈമുത്ത് അവസാനിക്കുവാൻ ഏകദേശം നാലു മണിക്കൂറുകൾ എടുത്തു. രണ്ടര മണിയോടു കൂടി ശരീരം സംസ്ക്കരിക്കുവാനുള്ള ശ്രമം തുടങ്ങി. അപ്പോഴേക്കും മലങ്കരയുടെ മാർ ദിവാന്നാസ്യോസ് മെത്രാപ്പോലീത്തായും എം. എ. അച്ചനും (പിന്നീട് മാർ ഈവാനിയോസ്) വന്നു ചേർന്നു. അവർ ഇരുവരും കാലം ചെയ്ത തിരുമേനിയുടെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ടും സ്വസമുദായയോദ്ധാരണത്തിനുവേണ്ടി അദ്ദേഹം സഹിച്ചിട്ടുള്ള നിരവധി ത്യാഗങ്ങളെയും ആചാരത്വത്തിൻറെ മഹിമയെയും പുരസ്കരിച്ചും പ്രൗഢഗംഭീരങ്ങളായ പ്രസംഗങ്ങൾ നടത്തി. അതിനുശേഷം അന്നുണ്ടായിരുന്ന പള്ളിയുടെ വടക്കേ വാതിലിൻറെ കിഴക്കേ ഭാഗത്തു തയ്യാറാക്കിയ കബറിടത്തിൽ മൃതദേഹം സംസ്കരിച്ചു.

മുപ്പതാം ദിവസമടിയന്തിരം എഴുപത്തിയഞ്ചുപറ അരി വച്ച് വിപുലമായ തോതിൽ നടത്തി. ഏകദേശം നാലായിരത്തിലധികം വരുന്ന ജനങ്ങൾ പല ദിക്കുകളിൽ നിന്നുമായി ആ അടിയന്തിരത്തിൽ വന്നു സംബന്ധിച്ചു. മാർ ഗ്രിഗോറിയോസ്, മാർ യൂയാക്കിം മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തമാരുടെ സാന്നിദ്ധ്യത്തിൽ ഓർമപ്പെരുന്നാൾ ഭംഗിയായി നടന്നു. അന്ന് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ പ്രധാന കാർമികത്വത്തിലും മല്പാൻ തേനുങ്കൽ ഗീവറുഗീസ് കത്തനാർ, ഓമ്പാളയിൽ ഗീവർഗീസ് കത്തനാർ

എന്നീ വൈദികരുടെ സഹകർമികത്വത്തിലും മൂന്നിന്മേൽ കുർബാനയും നടത്തി.

***(ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ രചിച്ച ഒന്നാം കാതോലിക്കാ ബാവായുടെ ജീവചരിത്രത്തിൽ നിന്നും)***

# പാമ്പാടി തിരുമേനിയുടെ ഡയറിയിൽ ഒന്നാം കാതോലിക്കായെക്കുറിച്ച് പരാമർശിക്കുന്ന ഭാഗങ്ങൾ

(പാമ്പാടി കുറിയാക്കോസ് കോറൂയോയെ ശെമ്മാശ് പദവിയിലേക്കും (25-04-1904) വൈദിക പദവിയിലേക്കും (15-07-1906)റമ്പാൻ സ്ഥാനത്തേക്കും (16-07-1906) ഉയർത്തിയത് കണ്ടനാട് ഭദ്രാസനത്തിന്റെ പൗലൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാതോലിക്കാ സ്ഥാന ത്തേക്ക് ഉയർത്തപ്പെട്ടതും അന്ത്യദിനങ്ങൾ പഴയ സെമിനാരിയിൽ ചിലവഴിച്ചതും എല്ലാം പാമ്പാടി കുറിയാ ക്കോസ് റമ്പാച്ചൻ തന്റെ ഡയറിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.)

**1912 സെപ്റ്റംബർ 12**

മുറിമറ്റത്ത് മെത്രാച്ചന് ഒരെഴുത്ത് മട്ടക്കലച്ചൻ വശം കൊടുത്തയച്ചു.

**സെപ്റ്റംബർ 15**

മുറിമറ്റത്ത് മെത്രാച്ചൻ മപ്രിയാനായാകുന്നത് ഇന്നാണ്.

**നവംബർ 1**

ഇന്നേ ദിവസം 2 മണിയോടുകൂടെ പരുമലെ എത്തി. ബാവായേയും മറ്റും കണ്ടു കൈ മുത്തി. സാമാന ങ്ങൾ കാതോലിക്കാ ബാവായുടെ മുറിയിൽ കൊണ്ടു വന്നു വക്കുന്നതിന് കല്പിച്ചു. മൂന്ന് മണിയോട് ബാവാക്കും മറ്റും മംഗളപത്രം സമർപ്പണം ഉണ്ടായിരുന്നു.

**നവംബർ 2**

ഇന്നേ ദിവസം പെരുന്നാളായിരുന്നു. ബാവായും (പാത്രിയർക്കീസ്) കാതോലിക്കാ ബാവായും ഞാനും കൂടെയാണ് കുർബ്ബാന ചൊല്ലിയത്. ബാവാ ദീർഘമായ ഒരു പ്രസംഗം ചെയ്തു. ബാവാക്കും മറ്റും എം. ജി. എം. ഹൈസ്കൂളുകാരുടെ മംഗളപത്രങ്ങൾ സമർപ്പിക്കുകയുണ്ടായി. മുപ്പതാം വയസിൽ സ്ഥാനം ഏൽക്കണ മെന്നും മറ്റു സംഗതികളും വളരെ സന്തോഷകരമായി കാതോലിക്കാ ബാവാ കൽപ്പിച്ചു.

(മെത്രാൻ സ്ഥാനം ഏൽക്കുന്നതിനെ സംബന്ധിച്ചാണെന്ന് കരുതുന്നു - എഡിറ്റർ)

**ഡിസംബർ 1 - സെമിനാരി**

ഇന്നെ ദിവസം മട്ടയ്ക്കലച്ചൻ വി. കുർബ്ബാന ചൊല്ലി. കാതോലിക്കാ ബാവായും ശെമ്മാശനുമുണ്ടായിരു ന്നു.

**ഡിസംബർ 5**

ബാവായും തിരുമേനിയും താമസിച്ചു വരുന്നു.

**ഡിസംബർ 15**

ബാവായ്ക്ക് സുഖക്കേടാണ്.

**ഡിസംബർ 16**

ബാവായുടെ സുഖക്കേടു കാണുന്നതിനായി കോഴഞ്ചേരിക്കാരൻ അപ്പോത്തിക്കിരിയെ വരുത്തി.

**ഡിസംബർ 17**

ഇന്നേ ദിവസം എം. എ. അച്ചനും ചാക്കോച്ചനും അപ്പോത്തിക്കരിയും ബാവായുടെ സുഖക്കേടു കാൺമാൻ

വന്നിരുന്നു. തിരുമേനിക്കും ബാവായുടെ വീട്ടുകാർക്കും കമ്പിയടിച്ചു. മാമ്മൻ മാപ്പിള ദീനം കാൺമാൻ വന്നിരുന്നു.

**ഡിസംബർ 19**

പകൽ 4 മണിയോടുകൂടി പാറേട്ട് ശെമ്മാശൻ ബാവായുടെ ദീനം കാൺമാൻ വന്നിരുന്നു. ദീനത്തിന് പറയത്തക്ക കുറവില്ല.

**ഡിസംബർ 20**

ഇന്നേ ദിവസം ബാവായ്ക്ക് കുറെ ക്ഷീണത്തിനും മറ്റും കൂടുതലുണ്ട്. ദീവന്നാസ്യോസ് തിരുമേനി വന്നിട്ടുണ്ട്. എം. എ. കത്തനാരും ചാക്കോച്ചനും അപ്പോത്തിക്കരിയും വന്നിരുന്നു. പാലപ്പള്ളി കത്തനാരും വന്നിരുന്നു. ദീനത്തിന് കുറെ ആശ്വാസമുണ്ട്.

**ഡിസംബർ 21**

ഇന്നേ ദിവസം ബാവായ്ക്കു വലിയ കൂടുതൽ ഒന്നുമില്ല. മെത്രാച്ചൻ കൂടെ താമസിച്ചു വരുന്നു. ബാവായ്ക്ക് അടുത്ത ഞായറാഴ്ച കുർബ്ബാന കൈക്കൊള്ളണമെന്ന് മോഹമുണ്ട്.

**ഡിസംബർ 22 – ഞായർ**

ഇന്നേ ദിവസം ഞാൻ കുർബ്ബാന ചൊല്ലി. മെത്രാച്ചനും കുറെ ശെമ്മാശൻമാരും അച്ചനും കൂടെയുണ്ടായിരുന്നു. ബാവായ്ക്ക് മുറിയിൽ കൊണ്ടുപോയി ഞാൻ തന്നെ കുർബ്ബാന കൊടുത്തു.

**ഡിസംബർ 23**

ഇന്നെ ദിവസം ബാവായ്ക്ക് വളരെ ആശ്വാസമുണ്ട്.

**ഡിസംബർ 24**

ഇന്നെ ദിവസം ബാവായ്ക്ക് സുഖം തന്നെ.

**ഡിസംബർ 25**

ഇന്നെ ദിവസം ബാവായ്ക്ക് സുഖം തന്നെ.

**ഡിസംബർ 26**

ബാവായ്ക്ക് പൂർണ്ണ സുഖമായി.

**ഡിസംബർ 27**

ബാവായ്ക്ക് കഞ്ഞി കുടിക്കാൻ അനുവദിച്ചു.

**ഡിസംബർ 28**

ഇന്നേ ദിവസം ബാവാ സുഖമായി താമസിക്കുന്നു.

**ജനുവരി 10**

ബാവായ്ക്ക് ലേഹ്യവും മറ്റു സാമാനങ്ങളും കൊടുത്തു. വലിയ സന്തോഷമായി

**ജനുവരി 11**

ബാവായ്ക്ക് സുഖം തന്നെയാണ്

**ജനുവരി 24**

ബാവായ്ക്ക് കുറെശെ ദീനമുണ്ട്.

**ജനുവരി 26**

ഇന്നെ ദിവസം ബാവാ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു.

**ജനുവരി 28**

ബാവാക്കു സുഖക്കേട് കുറേശ്ശെയുണ്ട്.

**ജനുവരി 29**

ബാവായുടെ സുഖക്കേടിനു കുറവില്ല

**ഫെബ്രുവരി 6**

ഇന്നേ ദിവസം ശെമ്മാശനേയും ചാക്കോയേയും സിമ്നാരിക്കയച്ചു. കോട്ടയത്തിന് പെട്ടെന്ന് ചെല്ലാൻ

സാധിക്കയില്ലെന്ന് ബാവായേയും മറ്റും അറിയിക്കുന്നതിനായിട്ടായിരുന്നു അവരെ അയച്ചത്. അവർ വശം ബാവായ്ക്ക് കുറെ മോരു കൊടുത്തയച്ചു. ബാവായും മെത്രാച്ചനും വെള്ളിയാഴ്ച അവിടെ നിന്നും മെത്രാൻ സ്ഥാനാഭിഷേകത്തിനു ചെങ്ങന്നൂർക്ക് പോകുമെന്നും മറ്റും അവർ മൂലം അറിഞ്ഞു.

**ഫെബ്രുവരി 13 – സെമിനാരി**

ഇന്നേ ദിവസം പാമ്പാടിയിൽ നിന്നും കൊണ്ടുവന്ന സാമാനങ്ങളിൽ ഒരു പഴക്കുല ബാവായ്ക്കും ഒരു കുലയും കുറെ കൂവപ്പൊടിയും മെത്രാച്ചനും ഒരു കുല അച്ചനും ഒരു കുലയും 2 വട്ടയപ്പവും ശെമ്മാശൻമാർക്കും കൊടുത്തു.

**മാർച്ച് 16 – സെമിനാരി**

ഇന്നെ ദിവസം ബാവാതിരുമനസുകൊണ്ട് വി. കുർബ്ബാന ചൊല്ലി. വലിയ ക്ഷീണമായിരുന്നു.

**ഏപ്രിൽ 1**

കാതോലിക്കാബാവായും നമസ്കാരത്തിനുണ്ടായിരുന്നു.

**ഏപ്രിൽ 2**

ഇന്നേ ദിവസം പകുതി നോമ്പായിരുന്നു. നമസ്കാരത്തിനും കുർബ്ബാനയ്ക്കും ബാവായും ഉണ്ടായിരുന്നു.

**ഏപ്രിൽ 3**

ബാവായ്ക്ക് ഉച്ച മുതൽ സുഖക്കേട് കൂടി വരുന്നതല്ലാതെ കുറവില്ല. രാത്രി തൈലാഭിഷേകം കഴിച്ചു.

**ഏപ്രിൽ 4**

ഇന്നേ ദിവസം അപ്പോത്തിക്കരി വന്നു ബാവായുടെ ദീനം പരിശോധിച്ചേച്ചു പോയി. മാമ്മൻ മാപ്പിളയും വന്നിരുന്നു. ദീനത്തിനു കുറവൊന്നുമില്ല.

**ഏപ്രിൽ 5**

ഇന്നേ ദിവസം ബാവായ്ക്ക് അൽപം സുഖമുണ്ട്. ഗ്രിഗോറിയോസ് മെത്രാച്ചൻ വന്നു. (കല്ലാശേരിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ്)

**ഏപ്രിൽ 6**

ഇന്നേ ദിവസം മെത്രാച്ചൻ കുർബ്ബാന ചൊല്ലി. ബാവാ പള്ളിയിൽ വന്നിരുന്നു. ഇന്ന് അല്പം സുഖമുണ്ട്.

**ഏപ്രിൽ 7**

ഇന്നേ ദിവസം സുബോറോ ആയിരുന്നു. ഞാനാണ് ചൊല്ലിയത്. ബാവായും മെത്രാച്ചനും കുർബ്ബാനയ്ക്ക് വന്നിരുന്നു. ബാവായ്ക്ക് അല്പം സുഖമുണ്ട്.

**ഏപ്രിൽ 8**

ബാവായ്ക്ക് അല്പം സുഖമുണ്ട്. തേനുങ്കലച്ചനും രണ്ടു ശെമ്മാശൻമാരും ബാവായെ കാൺമാൻ വന്നു.

**ഏപ്രിൽ 9**

ബാവായ്ക്ക് അല്പം ആശ്വാസമുണ്ട്.

**ഏപ്രിൽ 10**

ബാവായ്ക്ക് അല്പം സുഖമുണ്ട്.

**ഏപ്രിൽ 12**

ഇന്നേ ദിവസം ഒമ്പാള അച്ചൻ കുർബ്ബാന ചൊല്ലി. ബാവാ കുർബ്ബാന അനുഭവിച്ചു.

**ഏപ്രിൽ 13**

ഇന്നേ ദിവസം കണ്ടനാട്ടു മെത്രാച്ചൻ കുർബ്ബാന ചൊല്ലി. വല്യ മെത്രാച്ചൻ പ്രസംഗിച്ചു. ബാവായും പള്ളിയിൽ വന്നിരുന്നു.

**ഏപ്രിൽ 14**

ഇന്നേ ദിവസം ബാവായ്ക്ക് കൻദീലാ നടത്തിക്കണമെന്നു നിശ്ചയിച്ചുവെങ്കിലും ഏതോ കാരണത്താൽ നാളത്തേക്കു മാറ്റി വച്ചു.

**ഏപ്രിൽ 15**

ഇന്നേ ദിവസം കാതോലിക്കാ ബാവായുടെ കൻദീലാ കഴിച്ചു. വല്യ മെത്രാച്ചനും കണ്ടനാട്ട് മെത്രാച്ചനും ഉണ്ടായിരുന്നു. ബാവായുടെ നിശ്ചയം ഞാൻ കാപ്പാ ഇടണമെന്നായിരുന്നെങ്കിലും വല്യ മെത്രാച്ചന്റെ നിർബന്ധം നിമിത്തം ഒമ്പാള അച്ചനാണ് കാപ്പ ഇട്ടത്.

**ഏപ്രിൽ 16**

ബാവായെ ഉച്ചകഴിഞ്ഞ് പാമ്പാക്കുട പാലപ്പള്ളി കത്തനാരുടെ പള്ളിയിലേക്ക് അയച്ചു.

**മെയ് 2 – മേടം 2 – വെള്ളി**

ബാവാ കാലം ചെയ്തെന്നു കേട്ടു. വിശ്വസിച്ചില്ല.

**മെയ് 3**

ഇന്നേ ദിവസം ബാവാ കാലം ചെയ്തെന്നു പറഞ്ഞു കേട്ടു. എങ്കിലും വിശ്വാസമില്ല.

**മെയ് 10 –പാമ്പാടി**

ഇന്നേ ദിവസം ബാവായുടെ ഒമ്പതാം ദിവസമായിരുന്നു. ഞാൻ കുർബ്ബാന ചൊല്ലി.

**മെയ് 31 – പാമ്പാടി**

ഇന്നേ ദിവസം കാതോലിക്കാ ബാവായുടെ മുപ്പതാം ദിവസമായിരുന്നു. ഞാൻ കുർബ്ബാന ചൊല്ലി.

**(മുറിമറ്റത്തിൽ ബാവാ എന്ന ഗ്രന്ഥത്തിൽ നിന്നും)**